# പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭ ചോദ്യം നമ്പർ 251      20-06-2013 -ലെ മറുപടിക്ക്

**മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ജോസഫ് വാഴക്കൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ദുരന്ത നിവാരണ അതോറിറ്റി മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) & (ബി) & (സി) | ഉണ്ട്. ഡാം തകരുന്ന ഒരു സാഹചര്യം ഉണ്ടായാൽ അത്തരമൊരു ദുരന്തം നേരിടുന്നതിന് മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തി സമഗ്രമായ ഒരു പദ്ധതി വിഭാവനം ചെയ്ത് മുല്ലപ്പെരിയാറിൽ ഒരു ക്രൈസ്സിസ് മാനേജ്മെന്റ് പ്ലാനിന് രൂപം നൽകിയിട്ടുണ്ട്.<br>വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ (ഐ.എൽ.ഡി.എം, എച്ച്.വി.ആർ.എ സെൽ, ഭൗമശാസ്ത്ര പഠന കേന്ദ്രം, യു.എൻ.ഡി.പി, ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ) സംയുക്തമായാണ് ഇത് നടപ്പാക്കി വരുന്നത്.<br>ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങളാണുള്ളത്.<br>1. സാങ്കേതിക വിഭാഗം<br>2. സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി (സ്കൂൾ സുരക്ഷാ പദ്ധതി ഉൾപ്പെടെ)<br>3. സംഭവ പ്രതികരണ സംവിധാനം (Incidence Response System-IRS)<br>മുല്ലപെരിയാർ ഡാം തകർന്നാൽ നദിയുടെ അടിത്തട്ട് മുതൽ 45 മീറ്റർ ഉയരത്തിന് മേൽ ഇടുക്കി വരെ സുരക്ഷിത സ്ഥാനങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്. (Flood Field Mapping).<br>വി.എച്ച്.എഫ് റേഡിയോ പ്രവർത്തിപ്പിക്കുന്നതിനും പരിപാലനത്തിനും വേണ്ടി ഇടുക്കി ജില്ലയിലെ വില്ലേജ് ഓഫീസർമാർക്കും, വില്ലേജ് അസിസ്റ്റന്റ് മാർക്കും പരിശീലനം നൽകിയിട്ടുണ്ട്.<br>സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതിയിലൂടെ തദ്ദേശവാസികളെ ബോധവത്കരിക്കാനുള്ള പ്രവർത്ത |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നങ്ങൾ ഈ പ്രദേശത്തെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പഞ്ചായത്തുതല ദുരന്ത നിവാരണ സമിതികളിൽ സ്ഥിരം സമിതി അദ്ധ്യക്ഷൻമാർ, വാർഡ് മെമ്പർമാർ, അദ്ധ്യാപകർ, കുടുംബശ്രീ, ജനശ്രീ, മറ്റു സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും വില്ലേജ് ഓഫീസർ കൺവീനറായും പ്രവർത്തിക്കുന്നു.<br>വാർഡു തലത്തിൽ ബന്ധപ്പെട്ട മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡിലെ പ്രധാനപ്പെട്ട എല്ലാ സംഘടനകളേയും ഉൾപ്പെടുത്തി വാർഡു നിവാസികൾക്ക് പ്രഥമ ശുശ്രൂഷ, തിരച്ചിലും രക്ഷാ പ്രവർത്തനവും, ക്യാമ്പ് നടത്തിപ്പ്, എന്നിവയിൽ പരിശീലനം നല്കിയിട്ടുണ്ട്.<br>കൂടാതെ ടി പ്രദേശത്തിന്റെ ഡിജിറ്റൽ മാപ്പ് ജിപിഎസ് ഉപയോഗിച്ച് തയ്യാറാക്കുന്നതിന് വിശദമായ സർവ്വേ നടത്തി.<br>ടി പ്രദേശത്തെ സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പദ്ധതിയും നടപ്പിലാക്കി. ടി പദ്ധതിയിൽ സുരക്ഷയെ പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കുക, ജീവൻരക്ഷാ ഉപായങ്ങളെ പറ്റി മനസ്സിലാക്കുക, കുട്ടികൾക്ക് മാനസിക സംഘർഷം ലഘൂകരിക്കാനുതകുന്ന പരിശീലനം നൽകുക എന്നീ പരിപാടികൾ 46 സ്കൂളുകളിലായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉൾപ്പടെ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ എല്ലാ സ്കൂളുകളിലും സ്കൂൾ ദുരന്ത നിവാരണ സമിതി രൂപീകരിച്ച് പരിശീലനം നൽകി വരുന്നുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | മുല്ലപ്പെരിയാർ അണക്കെട്ടിനും ഇടുക്കി ജലാശയത്തിനും മദ്ധ്യേയുള്ള ഭാഗത്തെ വെള്ളം ഉയർന്ന് വരാവുന്ന പ്രദേശങ്ങൾ ഭൂമിയിൽ അടയാളപ്പെടുത്തുന്ന പ്രവൃത്തി വിജയകരമായി നടത്തിയിട്ടുണ്ട്. ഭൂവിവര സാങ്കേതിക വിദ്യ (GIS) ഉപയോഗപ്പെടുത്തി ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടേയും സ്ഥാവര ജംഗമ വസ്തുക്കളുടേയും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് കഴിഞ്ഞിട്ടുണ്ട്. നിരന്തര നിരീക്ഷണ സംവിധാനത്തിന് ഉതകുന്ന സാങ്കേതിക വിദ്യ വികസിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുള്ള ചർച്ചകളുടെ വെളിച്ചത്തിൽ പ്രദേശത്ത് സൈറ്റ് സർവ്വേ (Site Survey) നടത്തുന്നതിനുള്ള അനുമതി ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി (State Executive Committee)-ൽ നിന്ന് ലഭ്യമായിട്ടുണ്ട്. |